

## ബിഷപ്പ് ഗ്രേഷ്യൻ മുണ്ടാടൻ വിരമിച്ചു. ഫാ. ജോൺ വടക്കേൽ ബിജ്നോർ രൂപതയുടെ പുതിയ മെത്രാൻ.

ബിജ്നോർ രൂപതയുടെ പുതിയ മെത്രാനായി ഇപ്പോൾ ബിജ്നോർ രൂപതയുടെ വികാരി ജനറാളായി സേവനമനുഷ്ഠിച്ചുവരുന്ന ഫാ. ജോൺ വടക്കേലിനെ പതിനാറാം ബെനഡിക്ട് മാർപ്പാപ്പ നിയമിച്ചു. ഇപ്പോഴത്തെ ബിജ്നോർ മെത്രാൻ മാർ ഗ്രേഷ്യൻ മുണ്ടാടൻ CMI എഴുപത്തഞ്ച് വയസ്സ് പൂർത്തിയായതിനെ തുടർന്ന് സമർപ്പിച്ച രാജി സ്വീകരിക്കപ്പെട്ട സാഹചര്യത്തിലാണ് മെത്രാന്റെ നിയമനം. ഓഗസ്റ്റ് 14-ാം തിയതി വെള്ളിയാഴ്ച ഇറ്റാലിയൻ സമയം ഉച്ചക്ക് 12.00 ന് വത്തിക്കാനിലും ഇന്ത്യൻ സമയം ഉച്ചതിരിഞ്ഞ് 3.30 ന് കാക്കനാട്ടുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിലും ബിജ്നോർ രൂപത ആസ്ഥാനത്തും നിയമനവിവരം പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

നിയുക്ത മെത്രാൻ ഫാ. ജോൺ വടക്കേൽ സി.എം.ഐ സന്യാസസഭയുടെ ബിജ്നോർ പ്രോവിൻസ് അംഗമാണ്. പരേതനായ P.V. തോമസ്സ്, M.D മേരി ദമ്പതികളുടെ മകനായി 1943 ഓഗസ്റ്റ് 17-ന് കോതമംഗലം രൂപതയിലെ ബെത്ലെഹം ഇടവകയിൽ ജനിച്ചു. 1964 മേയ് 16 ന് CMI സഭയിൽ പ്രഥമ വ്രതവാഗ്ദാനം നടത്തിയ ജോൺ വടക്കേൽ 1975 ഡിസംബർ 19-ന് പുരോഹിതനായി അഭിഷിക്തനായി. B.Sc ഫിസിക്സ്, M.A (സോഷ്യോളജി), M.Th (ആദ്ധ്യാത്മിക ശാസ്ത്രവും മനശ്ശാസ്ത്രവും) എന്നീ ഡിഗ്രികൾ സ്വന്തമാക്കിയ അദ്ദേഹം 1976 മുതൽ ബിജ്നോർ രൂപതയിൽ പല മിഷൻ സ്റ്റേഷനുകളിലും വികാരിയായും വാർധയിലെ ദർശന ഫിലോസൊഫേറ്റിൽ അഡ്മിനിസ്ട്രേറ്ററായും, ബാംഗ്ലൂരിലെ ധർമ്മാരാം കോളേജിലെ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ 'മാസ്റ്റർ' ആയും CMI മൈനർ സെമിനാരി റെക്ടറായും കോട്ട്ദ്വാറിലെ പാസ്റ്ററൽ സെന്റർ ഡയറക്ടറായും CMI ബിജ്നോർ പ്രോവിൻസിന്റെ വൈസ് പ്രൊവിൻഷ്യലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ബിജ്നോർ രുപതയിൽ വികാരി ജനറാളായി സേവനം അനുഷ്ഠിച്ചുവരുമ്പോഴാണ് പുതിയ നിയമനം.

Fr. Antony Kollannur
Chancellor, Major Archiepiscopal Curia